ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ മൂന്നാമത്തേതായ സകാത്ത് ഇസ്ലാമിന്റെ സാമ്പത്തിക സാമൂഹികടിത്തറയാണ്. ഖുർആനിലും സുന്നത്തിലും ഈ പദം നമസ്കാരത്തോടൊപ്പം ആവർത്തിച്ച് പ്രയോഗിച്ചിട്ടുണ്ട്. സകാത്ത് നിഷേധി കാഫിറും നരകത്തിൽ നിത്യവാസിയുമാണ്. യഥാർത്ഥ ഈമാനോ, ഇസ്ലാമിക സാഹോദര്യമോ സകാത്ത് നൽകാതെ പൂർത്തിയാവുകയില്ല. ഇസ്ലാമിക ഭരണ കൂടം സകാത്തിന്റെ സംഭരണ ശേഖരണം വ്യവസ്ഥാപിതമായി നില നിർത്തി പോരുകയുണ്ടായി. മുസ്ലിം നാടുകളിൽ സാമ്രാജ്യത്വ ശക്തികൾ അധിനിവേശം നടത്തുകയും അവർ ശരീഅത്ത് തിരസ്ക്കരിക്കുകയും ചെയ്തപ്പോൾ സകാത്ത് വ്യക്തിപരമായ ഉത്തരവാദിത്വത്തിലേക്ക് മാറി. എന്നാൽ ആധുനിക മുസ്ലിം രാഷ്ട്രങ്ങൾ പലതും സകാത്ത് നിയമം നടപ്പിലാക്കുകയും സകാത്ത് സംഭരണ വിതരണത്തിന് ഭരണകൂട സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഇന്ത്യ പോലുള്ള മതേതര രാഷ്ട്രങ്ങളിൽ സകാത്ത് വ്യക്തിപരമായ ഉത്തരവാദിത്വത്തിലാവുകയും, തത്ഫലമായി സകാത്ത് നിയമങ്ങളും അതിന്റെ സാമ്പത്തിക സാമൂഹിക വശങ്ങളും വിസ്മരിക്കപ്പെടുകയും ചെയ്തു. എന്നാൽ നവോത്ഥാന സംരംഭങ്ങളിലൂടെ സകാത്തിന്റെ പ്രസക്തി പഠന വിധേയമാവുകയും മഹല്ല് കമ്മറ്റികളും സകാത്ത് കമ്മറ്റികളും സംഘടിത സകാത്ത് ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിന്റെ സംഭരണ വിതരണങ്ങൾക്ക് സംവിധാനം കാണുകയും ചെയ്തു.

വളർച്ച ശുദ്ധീകരണം എന്നിവയാണ് സകാത്തിന്റെ ഭാഷാർത്ഥവും സങ്കേതികാശയവും. എല്ലാ ധനത്തിലും നിശ്ചിതമായ ഉപാധികളോടെയും സുനിർണ്ണിതമായ നിബന്ധനകളോടെയും നിർബന്ധമാകുന്ന ബാധ്യതയാണ് സകാത്ത്. സാമൂഹ്യ ക്ഷേമവും സാഹോദര്യ ഐക്യദാർഢ്യവും സാക്ഷാത്കരിക്കാനും ലുബ്ധ്, ലോഭം, സ്പർധ, സ്വാർത്ഥത എന്നിവയിൽ നിന്ന് ദാതാവിനെ ശുദ്ധീകരിക്കുവാനും അസൂയയിൽ നിന്നും മനോരോഗങ്ങളിൽ നിന്നും സമൂഹത്തെ മൊത്തം ശുദ്ധീകരിക്കാനും സകാത്ത് ഉപകരിക്കുന്നു.

സകാത്ത് ബാധകമാവുന്ന നിശ്ചിത അളവ് (നിസാബ്) ധനമുള്ള മുസ്ലിമിന് സകാത്ത് നൽകൽ ബാധ്യതയാകുന്നു. തങ്ങളുടെ കാലഘട്ടത്തിൽ പ്രചാരത്തിലുള്ള മുഴുവൻ സമ്പത്തിലും സകാത്ത് നിർബന്ധമാണ്.

പൂർണ ഉടമാവകാശം, നിസ്വാബ് തികയുക, ധനം വളർച്ച ഉള്ളതാവുക, അടിസ്ഥാനാവശ്യങ്ങൾ കഴിച്ച് മിച്ചമുള്ളതാവുക, വർഷം പൂർത്തിയാവുക എന്നിവയാണ് സകാത്ത് ബാധകമാവുന്ന ഉപാധികൾ.

ഭൂമിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന പ്രയോജനകരമായ എല്ലാ ഉൽപന്നങ്ങൾക്കും നിസാബെത്തിയാൽ സക്കാത്ത് നിർബന്ധമാണ്. 5 വസ്ഖാണ് കാർഷിക വിളകളുടെ നിസാബ്. അതായത് 653 കിലോഗ്രാം അരിക്ക് സമാനമായ പണമൂല്യം. നനക്കാനും വിളവുൽപാദിപ്പിക്കാനും അധ്വാനവും ചെലവും വരുന്നു എങ്കിൽ 5% വും ഇല്ലെങ്കിൽ 10%വും ആണ് സക്കാത്ത് നൽകേണ്ടത്. കാർഷികോൽപന്നങ്ങൾക്ക് വിളവെടുക്കുന്ന സന്ദർഭത്തിൽ തന്നെ സകാത്ത് നൽകണം.

ഭൂമി പാട്ടത്തിന് വാങ്ങി കൃഷി ചെയ്യുന്നവർ 10% അല്ലെങ്കിൽ 5% സക്കാത്ത് നൽകണം. ഭൂ ഉടമ തനിക്ക് ലഭിച്ച പാട്ടസംഖ്യയിൽനിന്നും 10% സക്കാത്ത് നൽകണം.

സ്വർണം 20 മിസ്ഖാൽ അതായത് 85 ഗ്രാം (10.5 പവൻ) തികഞ്ഞാൽ അതിന്റെ 2.5% സക്കാത്ത് നൽകണം. വെള്ളി 200 ദിർഹം അഥവാ 595 ഗ്രാം തികഞ്ഞാൽ അതിന്റെ 2.5% സക്കാത്ത് നൽകണം. ഉപയോഗിക്കുന്ന സ്വർണ്ണാഭരണങ്ങൾക്ക് സക്കാത്ത് നൽകുന്നതാണ് ഏറെ സൂക്ഷ്മത.

കറൻസികൾ സ്വർണത്തിന്റെ തോതനുസരിച്ച് കണക്കാക്കുക. 85 ഗ്രാം സ്വർണത്തിന്റെ വിലക്ക് തുല്യമായ പണം കൈവശമുണ്ടായാൽ അതിന്റെ 2.5% സക്കാത്ത് കൊടുക്കണം.

മാസശമ്പളം, ദിവസക്കൂലി മറ്റു സ്വയംതൊഴിൽ ഇനങ്ങളിലുള്ള വരുമാനം എന്നിവ അടിസ്ഥാന ചിലവുകൾ കഴിച്ച് ബാക്കി 85 ഗ്രാം സ്വർണമൂല്യത്തിന് സമാനമായ തുക കൈവശം വരുന്നമുറക്ക് സകാത്ത് ബാധകമാവും. ഈ ഇനത്തിൽ മൊത്തം വാർഷികവരുമാനം കണക്ക്കൂട്ടി 2.5% സക്കാത്ത് കൊടുത്താൽ മതിയാവും.

കച്ചവടത്തിന്റെ വർഷാവസാനം ഉള്ള സ്റ്റോക്കിന്റെ (പണവും വസ്തുക്കളും) മാർക്കറ്റ് വില കണക്ക്കൂട്ടി, കച്ചവടത്തിന് ഉപയോഗിക്കുന്ന ആസ്തികൾ (വാഹനം, കമ്പ്യൂട്ടർ, കെട്ടിടം, ഓഫീസ് ഉപകരണങ്ങൾ) ഒഴിച്ച് നിർത്തി, തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന കടം കൂട്ടി, നല്കാനുള്ള കടം കുറച്ച് മൊത്തം പണമൂല്യം കാണുക. ആകെ സംഖ്യ കൂട്ടിയാൽ 85 ഗ്രാം സ്വർണത്തിന്റെ വിലക്ക് സമാനമായ മൂല്യമെത്തിയാൽ മൊത്തം തുകയുടെ 2.5% സക്കാത്ത് നൽകുക. റിയൽ എസ്റ്റേറ്റ് (പുരയിടം, ഭൂമി, സ്ഥാവര വസ്തുക്കൾ) കച്ചവടമായി പരിഗണിച്ച്വിലയുടെ 2.5% സക്കാത്ത് നൽകുക.

വ്യവസായ ശാലകൾ എല്ലാ ചെലവുകളും കഴിച്ച് മിച്ചമുള്ള തിന്റെ 10% സക്കാത്ത് നൽകുക. ചെലവ് കണക്കാക്കാൻ സാധ്യമല്ലെങ്കിൽ മൊത്തം വരുമാനത്തിന്റെ 5% നൽകുക.

നിധി, അപ്രതീക്ഷിത വരുമാനം തുടങ്ങിയവ അവ ലഭിക്കുന്ന മുറക്ക് 20% സക്കാത്ത് നൽകണം.

കൂട്ടുടമ കമ്പനി അവയുടെ ധനത്തിന്റെ സക്കാത്ത്

കമ്പനിതന്നെ നേരിട്ട് കൊടുക്കുകയോ, അല്ലാത്തപക്ഷം ഓഹരി ഉടമകൾ തങ്ങളുടെ ഓഹരിക്ക് സമാനമായ അനുപാതത്തിൽ നൽകുകയോ ചെയ്യേണ്ടതാണ്.

ഓഹരി ഷെയറുകൾ കൈവശമുള്ള ആളുകൾ സക്കാത്ത് നിർബന്ധമാവുന്ന സമയത്തെ മാർക്കറ്റ് വില കണക്കാക്കി അതിന്റെ 2.5% സക്കാത്ത് നൽകണം.

വാടകക്ക് നല്കുന്ന വസ്തുക്കൾ (കെട്ടിടം, ഭൂമി, വാഹനം, ഉപകരണങ്ങൾ) കൃഷിഭൂമിയോട് തുലനം ചെയ്തു വാർഷികഅറ്റാദായത്തിന്റെ 10% സകാത്ത് നൽകണം.

സംഭരിക്കപ്പെടുന്ന സകാത്ത് സമൂഹത്തിലെ അർഹരായ വിഭാഗങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ കാര്യക്ഷമായി വിതരണം നടത്താൻ ഇസ്‌ലാം അനുശാസിക്കുന്നു.

ഒരു സമൂഹത്തിന്റെ സാമ്പത്തിക സാമൂഹിക മണ്ഡലത്തിൽ വിപ്ലവാത്മക സ്വാധീനം ചെലുത്താൻ സാധിക്കുന്ന ദൈവിക സംവിധാനാമാണ് സകാത്ത്. നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന സംഘടിത സകാത്ത് സംവിധാനം ഈവർഷം മുതൽ ഒതയമംഗലം ജുമുഅത്ത് പള്ളി മഹല്ല് കമ്മറ്റി ഏറ്റെടുത്ത് കൂടുതൽ വ്യാപകവും കാര്യക്ഷമവുമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ കൽപ്പന, ദീനിന്റെ പഞ്ചസ്തംഭങ്ങളിലൊന്ന് നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പം, ലോകം സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന പാശ്ചാത്തലത്തിൽ ഇസ്‌ലാമിക സമ്പത്ഘടനയുടെ സൗരഭ്യം പ്രസരിപ്പിക്കാനുതകുന്ന ഈ മഹത്സംരഭത്തിൽ താങ്കളുടെയും കുടുംബാംഗങ്ങളുടെയും സഹകരണവും പ്രാർത്ഥനയും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

**സകാത്ത് സംബന്ധമായ വിശദാംശങ്ങളും വീക്ഷണ വ്യത്യാസങ്ങളും തൽസംബന്ധമായ കൃതികളിൽനിന്നും മനസ്സിലാക്കാവുന്നതാണ്.**

1. **സകാത്തിന്റെ പ്രായോഗിക രീതി**
   ഡോ. അലിമുഹ്‌യുദ്ദീൻ ഖറദാഗി
   ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ, ഖത്തർ
2. **സകാത്ത് തത്വവും പ്രയോഗവും**
   അബ്ദുല്ല ഹസൻ (ഐ.പി.എച്ച്)
3. **സകാത്തും ആധുനിക പ്രശ്നങ്ങളും**
   എ. അബ്ദുസ്സലാം സുല്ലമി (യുവത ബുക്സ്)

നിങ്ങളുടെ സകാത്ത് - സദഖകൾ
താഴെ പറഞ്ഞവരെ ഏൽപ്പിക്കുക

1. കെ.ടി. മുഹമ്മദ് അബ്ദുറഹിമാൻ. 9846086915
2. കെ.ടി. അബ്ദുറഷീദ് 9946705110
3. കാനകുന്നത്ത് അബ്ദുല്ല 9995412387

ബസൂക്ക പ്രിന്റ്സ്, മുക്കം - 2295710

# ഒതയമംഗലം ജുമുഅത്ത് പള്ളി സകാത്ത് കമ്മറ്റി

## ചേന്ദമംഗല്ലൂർ

**സമ്പന്നർ ദരിദ്രർക്ക് നൽകുന്ന ഔദാര്യമല്ല സകാത്ത്. ധനികരുടെ സമ്പത്തിൽ ദരിദ്രർക്ക് അല്ലാഹു നിശ്ചയിച്ച അവകാശമാണത്.**

" പ്രവാചകരെ, അവരെ ശുദ്ധീകരിക്കുകയും
സംസ്കരിക്കുകയും ചെയ്യാനുതകുന്ന
സകാത്ത് അവരുടെ സ്വത്തുക്കളിൽ
നിന്നും നീ വസൂലാക്കുകയും
അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക"
(അത്തൗബ)